**<u>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ</u>**

നമ്പർ: SR1-1/4/2021-KPSC-Part(1)

തിരുവനന്തപുരം
തീയതി : 27/04/2022

**<u>പത്രക്കുറിപ്പ്</u>**

**************************

വനാശ്രിതരായ ആദിവാസി സമൂഹത്തിലെ യോഗ്യരായ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 92/2022 (പാർട്ട്-1, 60% ഒഴിവുകളിലേയ്ക്ക് പൊതു വിഭാഗത്തിൽ നിന്നുള്ള നിയമനം ), 93/2022(പാർട്ട്-II, 40% ഒഴിവിലേയ്ക്ക്, വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന താൽക്കാലിക ജിവനകാർക്കായി സംവരണം ചെയ്തിരിക്കുന്ന നിയമനം) പ്രകാരം 16/04/2022 ഗസറ്റ് തീയതിയായി വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നു.

വനാശ്രിതരായ ആദിവാസി സമൂഹത്തിലെ യോഗ്യരായ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾ അവരവർക്കു ലഭിക്കുന്ന കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ / റേഞ്ച് ഫോറസ്റ്റ് ഓഫീസറിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവർ ഏതുജില്ലയിലെ വനാശ്രിതരാണോ അതേ ജില്ലയിലേയ്ക്കു മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ പാടുള്ളു . ഇതിനോടകം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളിൽ ജില്ല തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളവർ അവരവരുടെ പ്രൊഫൈൽ വഴി, ഗസറ്റിന്റെ അവസാന തീയതിയായ 18/05/2022 നു മുൻപ് , അപേക്ഷയിൽ ശരിയായ ജില്ല രേഖപ്പെടുത്തേണ്ടതാണ്.

തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആയതിനാൽ ഒരോ ജില്ലയിലേയ്ക്കും അതത് ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമെ പരിഗണിക്കുകയുള്ളൂ എന്നതിനാൽ വനാശ്രിതരായ ആദിവാസി -പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്തതും അതതു ജില്ലയിൽ നിന്നുള്ളവരുമല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങിനെയുള്ളവരുടെ അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നല്കുന്നതല്ല.

LIMANTLY ZACARIAS
ADDITIONAL SECRETARY
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**സെക്രട്ടറിക്കുവേണ്ടി**

Copy to:-
1. PRO
2. Enquiry
3. Website